**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1120** **09-10-2024 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് മണ്ഡലത്തിലെ ആനങ്ങാടി-കടലുണ്ടി നഗരത്തിലെ ഫിഷറീസ് കോളനിയിലെ കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് കോളനിയിലെ ഓരോ അംഗങ്ങൾക്കും പ്രത്യേകം എൻ.ഒ.സി. നൽകുന്നത് സംബന്ധിച്ച് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പരപ്പനങ്ങാടി മത്സ്യഭവന് കീഴിലെ 87 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി പരപ്പനങ്ങാടി, വള്ളിക്കുന്ന്, അരിയല്ലൂർ എന്നീ വില്ലേജുകളിലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. മുൻകാലത്ത് ഫിഷറീസ് വകുപ്പ് നിർമ്മിച്ച ഇരട്ട വീട് കോളനികളാണ് പ്രസ്തുത ഭൂമിയിൽ ഉള്ളതെന്നും ഈ പ്രദേശത്ത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ലെന്നും ഒട്ടനവധി മത്സ്യത്തൊഴിലാളികൾ കുടുംബങ്ങൾ താമസിക്കുന്ന ഇവിടം താമസസ്ഥലമായി ഉപയോഗിക്കുന്നതാണ് ഉചിതമെന്നും മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.<br><br>മേൽ വിഷയത്തിൽ ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചതിൽ കൂടുതൽ രേഖകൾ ആവശ്യമുള്ളതായി കണ്ടെത്തിയതിനാൽ ആയത് ലഭ്യമാക്കുവാൻ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബങ്ങൾക്ക് ഫിഷറീസ് വകുപ്പ് നിർമ്മിച്ച് നൽകിയ വീട് നിലനിൽക്കുന്ന പരപ്പനങ്ങാടി മത്സ്യഭവന് കീഴിലെ സ്ഥലത്ത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രപ്പോസലുകൾ ഒന്നും നിലവിലില്ലെന്നും, കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കാമെന്നും മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ ശിപാർശയിൽ ഫിഷറീസ് വകുപ്പ് സ്വീകരിച്ച നടപടിയുടെ പൂർണ്ണവിവരം ലഭ്യമാക്കാമോ? | (ബി) | പരപ്പനങ്ങാടി മത്സ്യഭവന് കീഴിലെ 87 കുടുംബങ്ങൾക്ക് പട്ടയം ലഭ്യമാക്കുന്നതിനായി പരപ്പനങ്ങാടി, വള്ളിക്കുന്ന്, അരിയല്ലൂർ എന്നീ വില്ലേജുകളിലെ ഗുണഭോക്താക്കളുടെ വിവരങ്ങൾ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നു. മുൻകാലത്ത് ഫിഷറീസ് വകുപ്പ് നിർമ്മിച്ച ഇരട്ട വീട് കോളനികളാണ് പ്രസ്തുത ഭൂമിയിൽ ഉള്ളതെന്നും ഈ പ്രദേശത്ത് വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് പദ്ധതി പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ലെന്നും ഒട്ടനവധി മത്സ്യത്തൊഴിലാളികൾ കുടുംബങ്ങൾ താമസിക്കുന്ന ഇവിടം താമസസ്ഥലമായി ഉപയോഗിക്കുന്നതാണ് |

| | | | |
|---|---|---|---|
| | | | ഉചിതമെന്നും മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.<br><br>മേൽ വിഷയത്തിൽ ലഭ്യമായ പ്രൊപ്പോസൽ പരിശോധിച്ചതിൽ കൂടുതൽ രേഖകൾ ആവശ്യമുള്ളതായി കണ്ടെത്തിയതിനാൽ ആയത് ലഭ്യമാക്കുവാൻ മലപ്പുറം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ